**സുഹൈബ് പി. ജെ**
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

ഡിവിഷണൽ ഫോറസ്റ്റോഫീസ്,
മാങ്കുളം ഡിവിഷൻ, വിരിപാറ
മാങ്കുളം, പിൻ – 685565
dfo-mklm.for@kerala.gov.in
തീയതി : 21/08/2019

സി1–1414/19

# കേരള വനം വകുപ്പ്
## മാങ്കുളം ഡിവിഷൻ

### ഇ–ദർഘാസ് പരസ്യം

കേരള വനം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള (സർക്കാർ ഉത്തരവ് (എം. എസ്) 226/81 (എഫ്) നമ്പർ തീയതി 16/12/1981 പ്രകാരം നിലവിൽ യോഗ്യരായ 'C and above' ക്ലാസ് കോൺട്രാക്ടർമാരിൽ നിന്നും താഴെ പട്ടികയിൽ വിവരിക്കുന്ന പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ഇ–ടെണ്ടർ മുഖേന ദർഘാസ് ക്ഷണിക്കുന്നു. ദർഘാസുകാർ വനം വകുപ്പിൽ നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതുമായ എല്ലാ നിബന്ധനകളും, ഇതര വ്യവസ്ഥകളും പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണ വില എന്നിവ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ, മറ്റ് ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഓൺലൈൻ ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ സമർപ്പിക്കുവാൻ www.etenders.kerala.gov.in എന്ന വെബ്സൈറ്റ് ഉയോഗിക്കേണ്ടതാകുന്നു.

എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ www.etenders.kerala.gov.in എന്ന വെബ് സൈറ്റിലൂടെ ഓൺലൈനായി മാത്രമെ സ്വീകരിക്കുകയുള്ളു. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

ഇരുന്നൂറ് രൂപയുടെ കേരള സർക്കാരിന്റെ മുദ്രപത്രത്തിൽ തയ്യാറാക്കി ഒപ്പിട്ട നിശ്ചിത മാതൃകയിലുള്ള പ്രാഥമിക ഉടമ്പടിയുടെ സ്കാൻ ചെയ്ത പകർപ്പ് ഓൺലൈൻ ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഓൺലൈനായി സമർപ്പിയ്ക്കാത്തതും അവയുടെ അസ്സൽ ടെണ്ടർ തുറക്കുന്നതിന് മുമ്പ് ഈ ആഫീസിൽ സമർപ്പിക്കാത്തതുമായ ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. പ്രസ്തുത ടെണ്ടറുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ NIC ൽ നിന്നോ www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന Help Desk-ൽ നിന്നോ ഈ ആഫീസിൽ നിന്നോ ആഫീസ് പ്രവൃത്തി സമയത്ത് അറിയാവുന്നതാണ്. ഇ–പേമെന്റ് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും ഇ–മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടാത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. കരാറുകാർ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനം വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

കേരള പൊതുമരാമത്ത് വകുപ്പിലെ ദർഘാസുകളെ സംബന്ധിച്ച നിലവിലുള്ള എല്ലാ നിയമങ്ങളും ഇതിനും ബാധകമായിരിക്കും. നിയമ പ്രകാരമുള്ള പോസ്റ്റ് ഓഫറുകൾ പരിഗണിക്കുന്നതാകുന്നു. ദർഘാസിനായി പരസ്യപ്പെടുത്തിയ തീയതി ഏതെങ്കിലും കാരണത്താൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും സമയത്തും ദർഘാസ് നടത്തുന്നതായിരിക്കും. ഈ ദർഘാസിലെ ഏതൊരു പ്രവൃത്തിയും ഒരു മുന്നറിയിപ്പ് കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമാകുന്നു. ദർഘാസിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ പട്ടികയിൽ വിവരിക്കുന്നു.

**പട്ടിക**

| ക്രമ നം | ദർഘാസ് നമ്പർ | പ്രവർത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷം രൂപ) | നിരത ദ്രവ്യം | സെക്യൂരിറ്റി തുക | ദർഘാസ് പ്രമാണത്തിന്റെ വില | പ്രവൃത്തി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|---|---|
| 1 | 06/2019 –20 | മാങ്കുളം ഡിവിഷനിൽ മാങ്കുളം റെയ്ഞ്ചിൽ കല്ലാർ സെക്ഷനിൽ പാർവ്വതിമലയിൽ ചോലമല ഭാഗങ്ങളിൽ ഗള്ളി പ്ലഗിംഗ് നിർമ്മാണം | 1.00 | 2500 | കോൺ ട്രാക്ടർ വാല്യു (എഗ്രിമെന്റ് പി. എ. സി) യുടെ 5% | 500 + ജി. എസ്. ടി | 1 മാസം |

ടെണ്ടർ ഫോം വെബ് സൈറ്റിൽ ലഭ്യമാകുന്ന തീയതി : 22/08/2019 രാവിലെ 10.00 മണിമുതൽ

ടെണ്ടർ സ്വീകരിക്കുന്ന തീയതിയും സമയവും : 29/08/2019 രാവിലെ 10.00 മണിവരെ

ടെണ്ടർ തുറക്കുന്ന തീയതിയും സമയവും : 02/09/2019 രാവിലെ 11.00 മണിയ്ക്ക്

കൂടുതൽ വിവരങ്ങൾ മാങ്കുളം, ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെ കാര്യാലയത്തിൽനിന്നും ആഫീസ് പ്രവർത്തന സമയത്ത് ലഭ്യമാണ്.

സുഹൈബ് പി. ജെ
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
മാങ്കുളം ഡിവിഷൻ
**(കേരളാ ഗവണർക്കുവേണ്ടി)**